**പാർലമെന്ററി ജനാധിപത്യത്തെ താങ്ങി നിർത്തുന്ന നാല് നെടുംതൂണുകളോടൊപ്പം അഞ്ചാമതൊരു നെടുംതൂണ് കൂടി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ ഫിഫ്ത്ത് എസ്റ്റേറ്റ് എന്ന പേരിൽ ഒരു പുതിയ പ്രസ്ഥാനത്തിന് തുടക്കമായിരിക്കുന്നു. നിലവിലുള്ള മതേതര ജനാധിപത്യവ്യവസ്ഥയ്ക്ക് സംഭവിക്കുന്ന അപചയങ്ങക്ക് തടയിടുകയും ഈ രാഷ്ട്രീയ സമ്പ്രദായം കൂടുതൽ വിശാലവും വികസ്വരവുമാകുന്നതിനുള്ള നിരന്തരശ്രമങ്ങൾ നടത്തുകയുമാണ് ഫിഫ്ത്ത് എസ്റ്റേറ്റിന്റെ ലക്ഷ്യം. അധികാര രാഷ്ട്രീയത്തിൽ പ്രവേശിക്കാതെ, രാഷ്ട്രീയ പാർട്ടിയാവാതെ, തിരുത്തൽശക്തിയും മാർഗ്ഗദർശക ശക്തിയുമായി സിവിൽ സമൂഹത്തിന്റെ പക്ഷത്ത്നിന്നുള്ള പ്രവർത്തനമാണ് ഫിഫ്ത്ത് എസ്റ്റേറ്റ് നടത്തുന്നത്. ജനാധിപത്യ വ്യവസ്ഥയിൽ നടക്കുന്ന ഈ പുതിയ ഇടപെടലിന്റെ പ്രവർത്തനരീതിയും കാഴ്ചപ്പാടും കൂടുതൽ സംവാദങ്ങൾക്കായി കേരളീയം വായനക്കാർക്ക് മുന്നിൽ വയ്ക്കുന്നു**

# ഫിഫ്ത്ത് എസ്റ്റേറ്റ്: ജനാധിപത്യത്തിൽ ഒരു രാഷ്ട്രീയവേദി കൂടി


## പ്രവർത്തന പദ്ധതി

**1.** മതനിരപേക്ഷ ജനാധിപത്യത്തിന്റെ അടിസ്ഥാനഘടനയെ സംരക്ഷിച്ചുകൊണ്ട് അതിൽ നിരന്തരമായ പരിഷ്കരണങ്ങൾ വരുത്താൻ തക്ക സംവിധാനമുണ്ടാക്കുകയാണ് അടിസ്ഥാനലക്ഷ്യം. പാർലമെന്ററി ജനാധിപത്യത്തെ താങ്ങി നിർത്തുന്ന നാല് നെടുംതൂണുകളോടൊപ്പം അഞ്ചാമതൊരു നെടുംതൂണ് (ഫിഫ്ത്ത് എസ്റ്റേറ്റ്) കൂടി വളർത്തിയെടുക്കണം. നിലവിലുള്ള മതേതര ജനാധിപത്യവ്യവസ്ഥയ്ക്ക് സംഭവിക്കുന്ന അപചയങ്ങൾ കണ്ടെത്തി തടയാനുള്ള മാർഗ്ഗങ്ങൾ ആവിഷ്ക്കരിക്കുകയും ഈ രാഷ്ട്രീയ സമ്പ്രദായം കൂടുതൽ വിശാലവും വികസ്വരവുമാകുന്നതിനുള്ള നിരന്തരശ്രമങ്ങൾ നടത്തുകയുമാണ് ഈ ഫിഫ്ത്ത് എസ്റ്റേറ്റിന്റെ ചുമതലകൾ. ഭാവി ജനാധിപത്യസമൂഹത്തിലെ അവിഭാജ്യഘടകമായി മാറേണ്ടതായ ഈ ഫിഫ്ത്ത് എസ്റ്റേറ്റ് മറ്റ് നാല് തൂണുകളുടേയും പ്രവർത്തനത്തിലുണ്ടാകുന്ന അപാകതകളും വ്യതിയാനങ്ങളും ജാഗ്രതയോടെ കണ്ടെത്തുകയും തുറന്നുകാട്ടുകയും തിരുത്താൻ പ്രേരിപ്പിക്കുകയും ചെയ്യുന്ന ജോലിയാണ് ഏറ്റെടുക്കുക. മറ്റ് നാല് തൂണുകളും വ്യവസ്ഥയുടെ ഭാഗമെന്ന നിലയ്ക്ക് വ്യവസ്ഥാപിത സ്വഭാവം കൈവരിക്കുന്നുണ്ട്. അധികാരഘടനയിൽ നേരിട്ടു പങ്കാളിത്തം വഹിക്കാത്ത നാലാംതൂണായ (ഫോർത്ത് എസ്റ്റേറ്റ്) മാധ്യമലോകംപോലും വൻകിട സാമ്പത്തികശക്തികളാൽ നിയന്ത്രിക്കപ്പെടുന്നതും അതുകൊണ്ടുതന്നെ രാഷ്ട്രീയ സമ്മർദ്ദങ്ങൾക്കു വിധേയമാവുന്നതും ആയി മാറുകയുണ്ടായി. മറ്റ് മൂന്നു തൂണുകളും അധികാര ഘടനയുടെ ഭാഗമായ

തുകൊണ്ടുള്ള സമ്മർദ്ദങ്ങൾക്ക് വിധേയമാണ്. ഇലക്ഷന് കമ്മീഷന് കൂടുതല് സ്വാതന്ത്ര്യമുണ്ടെങ്കിലും പ്രവർത്തന മേഖല പരിമിതവും നിയന്ത്രിതവുമാണ്. ഇതും സമ്മർദ്ദങ്ങൾക്ക് വഴങ്ങാനുള്ള സാധ്യതയുണ്ട്. ഫിഫ്ത്ത് എസ്റ്റേറ്റ് അധികാര ഘടനയുടെ ഭാഗമാകുന്നില്ലെന്നതാണ് അതിന്റെ ഏറ്റവും പ്രധാന നേട്ടം. അതുകൊണ്ടുതന്നെ നാല് തൂണുകളുടെ മേലും ജനപക്ഷത്തുനിന്ന് ജാഗ്രതയോടുകൂടിയും ക്രിയാത്മകമായും ഇടപെടാന് അതിന് അവസരം ലഭിക്കുന്നു. തിരഞ്ഞെടുപ്പിൽ പങ്കെടുക്കുകയോ രാഷ്ട്രീയ പാർട്ടി ആവുകയോ ചെയ്യാതെ, സ്വതന്ത്രവും തുറന്നതുമായ ജനാധിപത്യ വേദിയായി എന്നും തുടരാൻ കഴിയത്തക്കവിധമാണ് ഈ ഫിഫ്ത്ത് എസ്റ്റേറ്റ് വിഭാവനചെയ്യപ്പെടുന്നത്. എല്ലാത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങളെയും വിട്ടുവീഴ്ചയില്ലാതെ എതിർക്കുന്നതോടൊപ്പം തികച്ചും നിയമവിധേയമായിരിക്കും ഈ പ്രസ്ഥാനത്തിന്റെ പ്രവർത്തനം.

**2.** ജനാധിപത്യവ്യവസ്ഥയെ പരമാവധി സുതാര്യമാക്കുക എന്നത് ഈ ദിശയിലുള്ള പ്രധാന ലക്ഷ്യങ്ങളിലൊന്നാണ്. രാജ്യരക്ഷയുടേയും ആഭ്യന്തരസുരക്ഷയുടേയും മറ്റും പേരിൽ ഭരണകൂടങ്ങൾക്ക് നിഗൂഢത നിലനിർത്താനുള്ള അവസരങ്ങൾ ഏറെയാണ്. അത് പരമാവധി കുറച്ചുകൊണ്ടുവരുവാൻ ശ്രമിക്കാനേ ഇപ്പോൾ കഴിയൂ. ജനാധിപത്യസമ്പ്രദായത്തെ സുതാര്യമാക്കുന്നതിനുള്ള ഏറ്റവും പ്രധാനപ്പെട്ട മുന്നേറ്റമാണ് അറിയാനുള്ള അവകാശം എന്ന നിയമനിർമ്മാണത്തിലൂടെ നടന്നത്. രാജ്യരക്ഷയും സുരക്ഷയും മറ്റുമായി ബന്ധപ്പെട്ട മേഖലകളെ ഒഴിച്ചുനിർത്തി ബാക്കിയുള്ള ഏത് ഫയലും ഏത് പൗരനും ആവശ്യപ്പെട്ടാൽ നിശ്ചിതസമയത്തിനുള്ളിൽ തന്നെ അത് നല്കണമെന്നാണ് നിയമം അനുശാസിക്കുന്നത്. പക്ഷേ, ഈ നിയമം ഫലവത്താകണമെങ്കില് ജനങ്ങള് അതേറ്റെടുക്കണം. ഇന്നത്തെ സാഹചര്യത്തില് ജനങ്ങൾ അത് സ്വമേധയാ ഏറ്റെടുക്കുകയില്ല. ഈ രംഗത്ത് ഇത്തരമൊരു പ്രസ്ഥാനത്തിന് ഫലപ്രദമായി ഇടപെടാനും അറിയാനുള്ള അവകാശം ഉപയോഗപ്പെടുത്തിക്കൊണ്ട് ഭരണസംവിധാനം പരമാവധി സുതാര്യമാക്കാനും കഴിയും.

# ജ നാ ധി പ ത്യം




**ഭാവി ജനാധിപത്യസമൂഹത്തിലെ അവിഭാജ്യഘടകമായി മാറേണ്ടതായ ഈ ഫിഫ്ത്ത് എസ്റ്റേറ്റ് മറ്റ് നാല് തൂണുകളുടേയും പ്രവർത്തനത്തിലുണ്ടാകുന്ന അപാകതകളും വ്യതിയാനങ്ങളും ജാഗ്രതയോടെ കണ്ടെത്തുകയും തുറുന്നുകാട്ടുകയും തിരുത്താൻ പ്രേരിപ്പിക്കുകയും ചെയ്യുന്ന ജോലിയാണ് ഏറ്റെടുക്കുക. മറ്റ് നാല് തൂണുകളും വ്യവസ്ഥയുടെ ഭാഗമെന്ന നിലയ്ക്ക് വ്യവസ്ഥാപിത സ്വഭാവം കൈവരിക്കുന്നുണ്ട്. അധികാരഘടനയിൽ നേരിട്ടു പങ്കാളിത്തം വഹിക്കാത്ത നാലാംതൂണായ (ഫോർത്ത് എസ്റ്റേറ്റ്) മാധ്യമലോകം പോലും വൻകിട സാമ്പത്തികശക്തികളാൽ നിയന്ത്രിക്കപ്പെടുന്നതും അതുകൊണ്ടുതന്നെ രാഷ്ട്രീയ സമ്മർദ്ദങ്ങൾക്കു വിധേയമാവുന്നതും ആയി മാറുകയുണ്ടായി. മറ്റ് മൂന്നു തൂണുകളും അധികാര ഘടനയുടെ ഭാഗമായതുകൊണ്ടുള്ള സമ്മർദ്ദങ്ങൾക്ക് വിധേയമാണ്**

**3.** ഭരണസംവിധാനം കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനുള്ള ഇ- ഗവേണൻസ് പദ്ധതി ആവിഷ്ക്കരിക്കുകയും കോടിക്കണക്കിന് രൂപ ചിലവഴിക്കുകയും ചെയ്തിട്ടും ആ രംഗത്ത് കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല. രാഷ്ട്രീയനേതൃത്വങ്ങളുടെ കാര്യക്ഷമതയില്ലായ്മയും, സർക്കാർ ഉദ്യോഗസ്ഥന്മാർ സംഘടിതമായി ഈ പദ്ധതിയെ തുരങ്കം വെയ്ക്കുന്നതും കാരണങ്ങളാണ്. തടസ്സങ്ങൾ കണ്ടെത്തി തുറന്നു കാട്ടുകയും ഈ ലക്ഷ്യം കൈവരിക്കുന്നതിന് സാഹചര്യം ഒരുക്കുകയും ചെയ്യുന്നതിൽ സജീവമായി ഇടപെടണം.

**4.** ഭരണരംഗത്തെ അഴിമതിയും കെടുകാര്യസ്ഥതയും തുറന്നുകാട്ടി പരിഹരിക്കാന് സമ്മർദ്ദം ചെലുത്തുകയും പിന്തുടരുകയും ചെയ്യുന്ന ജോലി ഏറ്റെടുക്കേണ്ടതുണ്ട്. മാധ്യമങ്ങളും മറ്റ് സംഘടനകളും പുറത്തുകൊണ്ടുവരുന്ന വിവരങ്ങളിൽ പ്രധാനപ്പെട്ടവയെ പിന്തുടരുന്നത് ആവശ്യമാവുമ്പോൾത്തന്നെ സവിശേഷമേഖലകൾ തിരഞ്ഞെടുത്ത് അന്വേഷണവും ഇടപെടലും നടത്തേണ്ടതുണ്ട്.

**5.** ഭരണസംവിധാനം സുതാര്യമായാ

ൽ മാത്രം ജനാധിപത്യം സാർത്ഥകമാവില്ല. അധികാരം ജനങ്ങളിലേയ്ക്കെത്തണമെങ്കിൽ അധികാരവികേന്ദ്രീകരണ പ്രക്രിയ സജീവമാകണം. പഞ്ചായത്തീരാജ് ബിൽ അനുസരിച്ചുള്ള അധികാരവികേന്ദ്രീകരണം മുന്നോട്ടുള്ള കാൽവയ്പാണ്. പക്ഷേ, ഗ്രാമസഭകൾ കൂടുന്നതും മറ്റും അധികാരവികേന്ദ്രീകരണമാകണമെങ്കിൽ ഗ്രാമസകൾക്ക് തീരുമാനമെടുക്കാനുള്ള അധികാരം നൽകേണ്ടതുണ്ട്. ഭരണഘടനാ ഭേദഗതിയുടേയും പഞ്ചായത്തീരാജ് ബില്ലിന്റെ പരിഷ്ക്കരണത്തിലൂടെയും മാത്രമേ അത് സാധ്യമാകൂ. അതിത്തിക്കണം.

**7.** സാമൂഹ്യനീതി ഉറപ്പുവരുത്തുക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് സ്ഥിതിസമത്വമല്ല. മുഴുവന് പൗരന്മാർക്കും എല്ലാവിധ അടിസ്ഥാന ആവശ്യങ്ങളും നിറവേറ്റാൻ അവസരം ഒരുക്കുക എന്നതാണ്. ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നിവയോടൊപ്പം ആരോഗ്യ, വിദ്യാഭ്യാസ സേവനങ്ങളും എല്ലാവർക്കും ഉറപ്പുവരുത്തുക എന്നാണ് ഉദ്ദേശിക്കുന്നത്. സ്വയം ഈ ആവശ്യങ്ങൾ നിറവേറ്റാൻ കഴിയാത്തവർക്ക് ഭരണസംവിധാനം അത് ഉറപ്പുവരുത്തേണ്ടതുണ്ട്. വിദ്യാഭ്യാസ ആ

പ്പൻ മത്സരത്തിന് കടിഞ്ഞാണിടാവുന്ന തരത്തിലുള്ള സാമൂഹ്യനിയന്ത്രണൾ ജനാധിപത്യപരമായ നിയമനിർമ്മാണത്തിലൂടെ നടപ്പിലാക്കേണ്ടതുണ്ട്. സമാഹരിക്കപ്പെടുന്ന മൂലധനത്തിന്റെ സിംഹഭാഗവും സാമൂഹ്യപ്രക്രിയയിലേക്ക് തിരിച്ചുവരുന്നു എന്ന് ഉറപ്പുവരുത്തുന്ന നിയമനിർമ്മാണങ്ങൾക്കുവേണ്ടിയും പ്രവർത്തിക്കേണ്ടതുണ്ട്.

**9.** ഇന്ത്യയെപ്പോലെ അനവധി മതങ്ങളും സംസ്ക്കാരങ്ങളും ഭാഷകളും വർണ്ണങ്ങളും ജാതികളും സഹവർത്തിക്കുന്ന ബൃഹത്തും സങ്കീർണ്ണ




**അധികാരം ജനങ്ങളിലേയ്ക്കെത്തണമെങ്കിൽ അധികാരവികേന്ദ്രീകരണ പ്രക്രിയ സജീവമാകണം. പഞ്ചായത്തീരാജ് ബിൽ അനുസരിച്ചുള്ള അധികാര വികേന്ദ്രീകരണം മുന്നോട്ടുള്ള കാൽവയ്പാണ്. പക്ഷേ, ഗ്രാമസഭകൾ കൂടുന്നതും മറ്റും അധികാരവികേന്ദ്രീകരണമാകണമെങ്കിൽ ഗ്രാമസകൾക്ക് തീരുമാനമെടുക്കാനുള്ള അധികാരം നൽകേണ്ടതുണ്ട്**

നുവേണ്ടിയുള്ള പ്രചരണങ്ങൾ ഏറ്റെടുത്ത് രാഷ്ട്രീയസമ്മർദ്ദം ചെലുത്തണം.

**6.** ജനാധിപത്യപ്രക്രിയ സുതാര്യവും സജീവവുമാകുന്നതുകൊണ്ടു മാത്രം സാമൂഹ്യനീതി ഉറപ്പുവരുത്തപ്പെടുകയില്ല. ആ ലക്ഷ്യം വെച്ചുകൊണ്ടുള്ള പരിപാടി ആവശ്യമാണ്. അഭിപ്രായപ്രകടനസ്വാതന്ത്ര്യം, സംഘടനാസ്വാതന്ത്ര്യം, സ്വത്തവകാശം, തുറന്ന വിപണി തുടങ്ങിയവയെല്ലാം നിലനില്ക്കുന്ന ഒരു ജനാധിപത്യസമൂഹത്തിൽ സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിന് ജനാധിപത്യപ്രക്രിയയിലൂടെ തന്നെ നിയമനിർമ്മാണങ്ങൾ ആവശ്യമായി വരും. അത്തരം നിയമനിർമ്മാണങ്ങൾക്കുവേണ്ടി നിരന്തരമായ ആശയസമരം ശക്തിപ്പെടുത്തി ഭൂരിപക്ഷ പിന്തുണ നേടുവാൻവേണ്ടി പ്രവർ

രോഗ്യരംഗങ്ങളിൽ പൊതു സ്വകാര്യ മേഖലകൾ തമ്മിലുള്ള ആരോഗ്യകരമായ മത്സരത്തിന് അവസരമൊരുക്കുകയാണ് പ്രായോഗികപരിഹാരം. ജാഗ്രതയോടുകൂടിയ സാമൂഹ്യരാഷ്ട്രീയ ഇടപെടൽ സാധ്യമാവുന്നിടത്തെല്ലാം സ്ഥിതി മെച്ചപ്പെടുത്താനാവുമെന്നാണ് ചരിത്രാനുഭവങ്ങൾ സൂചിപ്പിക്കുന്നത്. ജനാധിപത്യപരമായ സാമൂഹ്യ ഇടപെടൽ നിരന്തരവും ശക്തവുമായി ആവശ്യമായി വരുന്ന ഒരു മേഖലയാണ് സാമൂഹ്യസുരക്ഷയുടേത്.

**8.** തുറന്ന വിപണിയും സ്വകാര്യസ്വത്തും നിലനില്ക്കുന്നതു ഉല്പാദന പ്രക്രിയയുടെ നിരന്തരവികാസത്തിന് ആവശ്യമാണെന്നാണ് ചരിത്രാനുഭവങ്ങൾ തെളിയിക്കുന്നത്. ആരോഗ്യകരമായ വിപണിമത്സരത്തിന് സാഹചര്യമൊരുക്കിക്കൊണ്ടുതന്നെ കഴുത്തറ

വുമായ സാമൂഹ്യവ്യവസ്ഥയിൽ വിവിധ സാമൂഹ്യവിഭാഗങ്ങൾ തമ്മിൽ സഹിഷ്ണുത നിലനിർത്താൻ കഴിയും വിധം മതനിരപേക്ഷ ജനാധിപത്യ സമീപനത്തെ ക്രിയാത്മകമായി പ്രയോഗിക്കാനും പ്രോത്സാഹിപ്പിക്കാനും ശ്രമിക്കേണ്ടത് ജനാധിപത്യപ്രസ്ഥാനത്തിന്റെ മുഖ്യ ഉത്തരവാദിത്വങ്ങളിലൊന്നാണ്. എല്ലാ മതങ്ങൾക്കും മറ്റു സാമൂഹ്യവിഭാഗങ്ങൾക്കും തങ്ങളുടെ ആശയങ്ങളും ആചാരങ്ങളും അനുഷ്ഠിക്കാനും പ്രചരിപ്പിക്കാനും പൂർണ്ണ സ്വാതന്ത്ര്യമുണ്ടായിരിക്കണം. ഒരു വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ മറ്റൊ രു വിഭാഗവുമായി സ്പർദ്ധയും ശത്രുതയും വളർത്താനിടയാക്കരുതെന്ന കർശനമായ നിയന്ത്രണവും പാലിക്കപ്പെടേണ്ടതുണ്ട്. ഓരോ സാമൂഹ്യവിഭാഗവും തങ്ങളുടെ സാമുദായി

ക താല്പര്യങ്ങള് സംരക്ഷിക്കാൻ യത്നിക്കുന്നത് വർഗ്ഗീയതയാവുകയില്ല. പക്ഷേ, സ്വന്തം താല്പര്യസംരക്ഷണം മറ്റു വിഭാഗങ്ങൾക്കെതിരെയും ദോഷകരവുമാണെങ്കിൽ അത് വർഗ്ഗീയതയാവും. വർഗ്ഗീയാന്തരീക്ഷവും കലാപങ്ങളും കുത്തിപ്പൊക്കാനുള്ള ശ്രമങ്ങൾ അടുത്തകാലത്ത് ശക്തിപ്പെട്ടിട്ടുണ്ട്. ഇത്തരം സാധ്യതകൾ തലപൊക്കുന്നത് കണ്ടെത്താൻ ജാഗ്രത പുലർത്തുകയും മതസൗഹാർദ്ദാന്തരീക്ഷം സൃഷ്ടിക്കാനുള്ള ഇടപെടലുകൾ നടത്തുകയും ചെയ്യേണ്ടതുണ്ട്.

**10.** സമീപകാലത്ത് പാർലമെന്ററി രാഷ്ട്രീയത്തെ അപകടപ്പെടുത്തുംവിധം നമ്മുടെ നാട്ടിൽ വളർന്നു വന്നിട്ടുള്ള പ്രവണതയാണ് അക്രമരാഷ്ട്രീയത്തിന്റേത്. പാർലമെന്ററി രാഷ്ട്രീയം ഉപയോഗിക്കുന്നവരും വർജ്ജിക്കുന്നവരുമായ ചില രാഷ്ട്രീയപാർട്ടികൾ കൊലപാതകം ഉൾപ്പടെയുള്ള അക്രമങ്ങൾ നടത്താനുള്ള സംഘടനകൾ രൂപീകരിച്ചും അല്ലാതെയും തങ്ങളുടെ ഇടുങ്ങിയ രാഷ്ട്രീയ താല്പര്യങ്ങള്ക്കു വേണ്ടി അക്രമരാഷ്ട്രീയത്തിൽ ഏർപ്പെടുകയും അതിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നുണ്ട്. തൊഴിലാളിവർഗ്ഗ സർവ്വാധിപത്യമോ മതാധിഷ്ഠിത രാഷ്ട്രീയമോ ലക്ഷ്യമായി പ്രഖ്യാപിച്ചിട്ടുള്ള രാഷ്ട്രീയപാർട്ടികളാണ് മുഖ്യമായും ഇങ്ങനെ ചെയ്യുന്നത്. വിട്ടുവീഴ്ച കൂടാതെ തുറന്നുകാട്ടപ്പെടുകയും തടയപ്പെടുകയും ചെയ്യേണ്ട പ്രവണതയാണിത്. ഇത്തരം പാർട്ടികളും ജനാധിപത്യപാർട്ടികളില് ചിലരും സർക്കാർ ഉദ്യോഗസ്ഥന്മാർ, പോലീസ്, പട്ടാളം എന്നീ ഭരണകൂട സംവിധാനങ്ങളിലേക്ക് രഹസ്യമായി തങ്ങളുടെ സ്വാധീനം ഉറപ്പിക്കാൻ നടത്തുന്ന ശ്രമങ്ങള് വ്യാപകമായിട്ടുണ്ട്. ജനാധിപത്യവ്യവസ്ഥയെ തകർക്കാനും നിയമവാഴ്ചയെ തുരങ്കം വെക്കാനുമാണ് ഇത് ഇടയാക്കുന്നത്. കർശനമായും തടയപ്പെടേണ്ട കാര്യമാണിത്. തൊഴിലാളികളുടെ വിലപേശൽ സംഘടനകളായി വളർന്നുവന്ന ട്രേഡ് യൂണിയനുകൾ പലപ്പോഴും ജനവിരുദ്ധസമരങ്ങളിലേക്കും നടപടികളിലേക്കും നീങ്ങുന്ന പ്രവണത വർദ്ധിച്ചിട്ടുണ്ട്. ഇതും തിരുത്തപ്പെടേണ്ടതുണ്ട്. നിയമവാഴ്ചയെ കാത്തുസൂക്ഷിക്കുക എന്നത് ജനാധിപത്യവ്യവസ്ഥയുടെ നിലനില്പിന് അത്യന്താപേക്ഷിതമാണ്. രാഷ്ട്രീയസംഘട്ടനങ്ങൾ പതിവായിട്ടുള്ള സ്ഥലങ്ങളിൽ ജനാധിപത്യരാഷ്ട്രീയത്തെ തുരങ്കംവെയ്ക്കുന്നതാണ് ഈ പ്രവണതയെന്ന് പ്രചരിപ്പിച്ചുകൊണ്ട് സമാധാന അന്തരീക്ഷത്തിനുവേണ്ടി ഇടപെടേണ്ടതുണ്ട്.

**11.** രാജ്യത്തിന്റെ വിവിധ മേഖലകൾ അസ്വസ്ഥപ്രദേശങ്ങളായി നിലനിൽക്കുന്നതുകൊണ്ട് അവിടങ്ങളിലെല്ലാം കരിനിമയങ്ങളും അവയുപയോഗിച്ചുകൊണ്ടുള്ള ഭരണകൂടഭീകരതയും നിലനില്ക്കുന്നുണ്ട്. ഭരണകൂടഭീകരതയെ തുറന്നുകാട്ടുകയും കരിനിയമങ്ങളുടെ പ്രയോഗം പരമാവധി കുറയ്ക്കാൻ സർക്കാറിനുമേൽ സമ്മർദ്ദം ചെലുത്തുകയും വേണം.

## കാഴ്ചപ്പാട്

**1.** നിലവിലുള്ള  പ്രക്രിയകളുടെ അപചയപ്രവണതകളെ തടയാനും വികാസസാധ്യതകൾ കണ്ടെത്താനും സാമൂഹ്യനീതി ഉറപ്പുവരുത്താനും വേണ്ടിയുള്ള പ്രായോഗിക പദ്ധതികൾ ആവിഷ്ക്കരിക്കാനും പ്രതിബദ്ധമായിട്ടുള്ള ഒരു പ്രസ്ഥാനത്തെക്കുറിച്ചുള്ള ആലോചനകളാണ് ഇവിടെ നടത്തുന്നത്. രണ്ടാം ലോകയുദ്ധം വരെ നിലനിന്നിരുന്ന വെട്ടിപ്പിടുത്ത രാഷ്ട്രീയത്തിന്റെ കാട്ടുനീതിക്ക് വലിയൊരു പരിധിവരെ ചരിത്രം തടയിട്ടിരിക്കുന്നു. വൻശക്തി ഇടപെടൽ  ഇപ്പോഴും ഭീഷണമായി നിലനില്ക്കുന്നുണ്ടെങ്കിലും രാജ്യങ്ങൾക്കിടയിലെ ജനാധിപത്യം എന്ന പുതിയ ചരിത്ര പ്രക്രിയ വേരൂന്നിക്കൊണ്ടിരിക്കുന്നത് ശുഭാപ്തി വിശ്വാസം പകരുന്ന സംഗതിയാണ്. രാജ്യങ്ങൾക്കുള്ളിലും ഫ്യൂഡൽ/ സ്വേച്ഛാധിപത്യ ശക്തികൾ പിന്തള്ളപ്പെട്ടുകൊണ്ടിരിക്കുകയും ജനാധിപത്യവല്ക്കരണ പ്രക്രിയ വ്യാപിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഈ പ്രവണത താല്ക്കാലികമല്ലെന്നും ചരിത്രഗതി തന്നെയാണെന്നും കാണാം. മനുഷ്യ സമൂഹം പുരോഗതിയുടെ പാതയിൽ തന്നെയാണ്.

**2.** പത്തൊമ്പതാം നൂറ്റാണ്ടിലെ മുതലാളിത്തത്തിന്റെ ഭീകരരൂപത്തിനെതിരായി ഒരു ബദൽ സാമൂഹ്യവ്യവസ്ഥയ്ക്കു വേണ്ടിയുള്ള അന്വേഷണത്തിന്റെ ഫലമായി ഉയർന്നുവന്ന കമ്യൂണിസ്റ്റുപ്രസ്ഥാനം 20-ാം നൂറ്റാണ്ടിൽ മൂന്നിലൊന്ന് ലോകസമൂഹത്തിൽ വേരൂന്നിയെങ്കിലും സോഷ്യലിസ്റ്റുസമൂഹങ്ങൾ എല്ലാം തന്നെ തൊഴിലാളി വർഗ സർവ്വാധിപത്യത്തിന്റെ പേരിൽ സൃഷ്ടിക്കപ്പെട്ട ഏകപാർട്ടി സ്വേച്ഛാധിപത്യത്തിന് കീഴിൽ  സാമ്പത്തികവും രാഷ്ട്രീയവുമായ കേന്ദ്രീകരണത്തിലേക്ക് നീങ്ങിയതിന്റെ ഫലമായി ജീർണ്ണിക്കുകയും സ്വയം തകരുകയുമാണുണ്ടായത്. അവശേഷിക്കുന്ന ചൈന, ക്യൂബ, വടക്കൻ കൊറിയ, വിയറ്റ്നാം മാതൃകകളും മുതലാളിത്തത്തിന് കീഴ്പ്പെടുന്ന പാതയിൽ ആണെന്നു കാണാം. ഏറെക്കാലം സൈനിക സ്വേച്ഛാധിപത്യങ്ങൾക്ക് കീഴിലായിരുന്ന ലാറ്റിനമേരിക്കൻ രാജ്യങ്ങളിൽ ജനാധിപത്യം വേരൂന്നാൻ തുടങ്ങിയിരിക്കുന്നു എന്നത് പുരോഗമന മുന്നേറ്റമാണ്. അതിനപ്പുറം പുതിയ രാഷ്ട്രീയമാതൃകകളൊന്നും അവിടെ സൃഷ്ടിക്കപ്പെട്ടിട്ടില്ല. അറബ് രാജ്യങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ജനാധിപത്യമുന്നേറ്റങ്ങൾ രാജ്യങ്ങൾക്കുള്ളിലെ ജനാധിപത്യം എല്ലാ രാജ്യങ്ങളിലേക്കും വ്യാപിച്ചുകൊണ്ടിരിക്കുന്നതിന്റെ പ്രകടമായ സൂചനയാണ്. സാമൂഹ്യമുന്നേറ്റങ്ങളിൽ വിവര സാങ്കേതികവിദ്യയുടെ പുതിയ പങ്കും തെളിയിക്കപ്പെട്ടിരിക്കുന്നു. ലോകസമൂഹത്തിന്റെ ജനാധിപത്യവത്ക്കരണ പ്രക്രിയയുടെ അനിഷേധ്യമായ ചരിത്രഗതിയാണ് ഈ സംഭവവികാസങ്ങളിൽ പ്രതിഫലിക്കുന്നത്.

**3.** മുതലാളിത്തത്തിന്റെ ലാഭേച്ഛയിൽ അധിഷ്ഠിതമായ മത്സരാധിഷ്ഠിത വിപണിയും അതിന് അനുരൂപമായി വളർന്നുവന്ന പാർലമെന്ററി ജനാധിപത്യ മതനിരപേക്ഷ വ്യവസ്ഥയും ഉല്പ്പാദന പ്രക്രിയയെ നിരന്തരം വളർത്തുകയും രാഷ്ട്രീയ ബഹുസ്വരതയും സാമൂഹ്യചലനാത്മകതയും ഉറപ്പുവരുത്തുകയും ചെയ്യുന്നത് നിമിത്തം ചരിത്രത്തിന്റെ പരീക്ഷണങ്ങളെ അതിജീവിക്കാനുള്ള ശേഷി പ്രകടമാക്കിക്കഴിഞ്ഞു. അതേ സമയം മത്സരാധിഷ്ഠിത വിപണിയിൽ അന്തർലീനമായിരിക്കുന്ന ചൂഷണ സമ്പ്രദായം സാമൂഹ്യനീതി അസാധ്യമാവും വിധമുള്ള ഉച്ചനീചത്വം സൃഷ്ടിക്കുന്നു. വിപണിയിലൂടെ എല്ലാ സാമ്പത്തിക സാമൂഹ്യപ്രശ്നങ്ങളും പരിഹരിക്കപ്പെടും എന്ന സിദ്ധാന്തം ഈ സമ്പ്രദായത്തിന്റെ അടിസ്ഥാന ദൗർബല്യമായി നിലനില്ക്കുകയും ചെയ്യുന്നു. അതൊടൊപ്പം പാർലമെന്ററി ജനാധിപത്യം ഒരു പുതിയ വരേണ്യ അധികാരിവ

ർഗ്ഗത്തെ സൃഷ്ടിക്കുകയും ജനങ്ങൾ ജനാധിപത്യ പ്രക്രിയയിൽ നിന്ന് അകന്നുപോവുകയും ചെയ്യുന്നു. മത്സരാധിഷ്ഠിത വിപണിയിലും പാർലമെന്ററി ജനാധിപത്യത്തിലും അന്തർലീനമായ അടിസ്ഥാനപരമായ തകരാറുകൾ പരിഹരിക്കും വിധമുള്ള പരിണാമം സാധ്യമാണോ എന്ന് പരിശോധിക്കാനുള്ള ഒരു അന്വേഷണമാണ് ഇവിടെ നടത്തുന്നത്.

**4.** രണ്ടാം ലോകയുദ്ധത്തെ തുടർന്നുണ്ടായ ലോകസാഹചര്യത്തിൽ വെട്ടിപ്പിടുത്ത രാഷ്ട്രീയത്തിന് പ്രസക്തിയില്ലാതായപ്പോൾ, ഫിനാൻസ് മൂലധന ശക്തികളുടെ ആവശ്യം വ്യാപാര ബന്ധങ്ങൾക്ക് പൊതുവെ അംഗീകരിക്കപ്പെടുന്ന ചട്ടങ്ങൾ ഉണ്ടാക്കുക എന്നതായിരുന്നു. അതിനുള്ള ചർച്ചകൾ നാല്പതുകളിൽ തന്നെ ആരംഭിച്ചെങ്കിലും (ഗാട്ട് കരാർ) സങ്കീർണ്ണമായ ആ ചർച്ചകൾ ഗണ്യമായ വിഭാഗം രാജ്യങ്ങൾ അംഗീകരിച്ച പൊതുചട്ടങ്ങളുടെ അടിസ്ഥാനത്തിൽ ലോകവ്യാപാരസംഘടനയുടെ രൂപീകരണം നടന്നത് നാലഞ്ച് ദശങ്ങള്ക്കു ശേഷം, 1994 ലാണ്. യഥാർത്ഥത്തിൽ വ്യാപാര ബന്ധങ്ങളുടെ കാര്യത്തിൽ പിന്നെയും തുടർന്നിരുന്ന കയ്യൂക്കുള്ളവന് കാര്യക്കാരൻ രീതിക്ക് പകരം ജനാധിപത്യപരമായ ചട്ടക്കൂടുണ്ടാക്കാൻ നടന്ന ഈ ശ്രമം ചരിത്രത്തിലെ മുന്നോട്ടുള്ള ഒരു സുപ്രധാന കാൽവയ്പ്പായിരുന്നു. പക്ഷേ, ലോക ഫിനാൻസ് മൂലധനശക്തികളുടെ താല്പ്പര്യപ്രകാരം സാമ്രാജ്യത്വ വികസിതരാജ്യങ്ങൾ ഈ ചട്ടങ്ങളെ തങ്ങൾക്കനുകൂലമായി ഉപയോഗപ്പെടുത്താൻ പറ്റും വിധമുള്ള ഗൂഢനീക്കങ്ങൾ നടത്തിയത് ലോകവ്യാപാര സംഘടനയുടെ ചരിത്ര പ്രാധാന്യം മൂടിവെയ്ക്കപ്പെടുന്നതിന് ഇടയാക്കി. ശാസ്ത്രസാങ്കേതിക വിദ്യകളുടെ വളർച്ചയിലൂടെ ഉല്പാദനശക്തികളിലുണ്ടാകുന്ന വികാസമാണ് ഉല്പാദന പ്രക്രിയയുടെ ആഗോളവല്ക്കരണത്തിലേക്കും ഫിനാൻസ് മൂലധനം ആഗോളതലത്തിൽ ശക്തിപ്പെടുത്തുന്നതിലേക്കും നയിച്ചത്. ഈ ചരിത്ര പ്രക്രിയയിൽ അടങ്ങിയിട്ടുള്ള ചരിത്രപ്രധാന വശങ്ങളെ പ്രയോജനപ്പെടുത്തുകയും പ്രതിലോമ വശങ്ങളെ പ്രതിരോധിക്കുകയാണ് ആവശ്യം. ലോകവ്യാപാരസംഘടനയുടെ സംഘടനാശൈലി ഐക്യരാഷ്ട്രസഭയിലെ പോലെ വീറ്റോ അധികാരംപോലുള്ള ജനാധിപത്യവിരുദ്ധഘടകം ഇല്ലാത്തതും സർവ്വസമ്മതമായി മാത്രം തീരുമാനങ്ങളെടുക്കണമെന്ന നിബന്ധനയുള്ളതുമാണ്. ഈ മെച്ചപ്പെട്ട സംഘടനാരീതി ഉപയോഗപ്പെടുത്തിക്കൊണ്ട് ഫിനാൻസ് മൂലധനശക്തികളുടെയും വികസിത രാജ്യങ്ങളുടെയും നിഗൂഢമായ കരുനീക്കങ്ങളെ ചെറുക്കാൻ വികസ്വര രാജ്യങ്ങൾ സംഘടിച്ചുനിന്നാൽ കഴിയുമെന്ന് ദോഹ, കാൻകൂൺ, ഹോംങ്കോങ്ങ് മന്ത്രിതല സമ്മേളനങ്ങളിൽ തെളിയിക്കപ്പെട്ടതാണ്. ഇന്ത്യാ ഗവണ്മെന്റും ഈ പ്രതിരോധസമീപനം സ്വീകരിച്ചു പോന്നിട്ടുണ്ടെങ്കിലും കൂടുതൽ ശക്തമായ ചെറുത്തുനിൽപ്പിന്റെ രീതി സ്വീകരിക്കാൻ നമ്മുടെ സർക്കാരിന് മേൽ സമ്മർദ്ദം ചെലുത്തുകയാണ് ജനാധിപത്യപ്രസ്ഥാനങ്ങളും സംഘടനകളും ചെയ്യേണ്ടത്.

**5.** രാജ്യങ്ങൾക്കിടയിലെ ജനാധിപത്യം എന്ന പുതിയ ചരിത്രപ്രക്രിയയാണ് വൻ ശക്തിമേധാവിത്വത്തിനുള്ള ചരിത്രപരമായ പ്രതിവിധി. യൂറോപ്യൻ യൂണിയനിൽ ഔപചാരികമായി ത്തന്നെ പ്രത്യക്ഷപ്പെട്ടുകഴിഞ്ഞതും അനൗപചാരികമായി പലയിടത്തും പൊന്തിവരുന്നതുമായ രാജ്യങ്ങളുടെ ജനാധിപത്യപരമായ കൂട്ടായ്മകൾ ആഗോളതലത്തില് കേന്ദ്രീകരിക്കപ്പെടുമ്പോൾ പിന്നെ വൻശക്തി മേധാവിത്വവും സാമ്രാജ്യത്വാധിപത്യവുമെല്ലാം കാലഹരണപ്പെട്ട ചരിത്രപ്രക്രിയകളായി മാറും. ഫൈനാൻസ് മൂലധന കേന്ദ്രീകരണത്തേയും രാജ്യങ്ങൾക്കിടയിലെ ജനാധിപത്യപ്രക്രിയയിലൂടെയാണ് നിയന്ത്രിക്കുവാൻ കഴിയുക.

(തുടരും)

**കൂട്ടായ്മയിൽ ഒപ്പുവച്ചവർ**: ആനന്ദ്, സക്കറിയ, കെ.എം. സലീകുമാർ, ഡോ. എം. ഗംഗാധരൻ, ടി.പി. രാജീവൻ, എൻ. എം. പിയേഴ്സൺ (ജോ. കൺവീനർ), ജീവൻജോബ്തോമസ്, കെ. വേണു, ഇ. കരുണാകരൻ, ബി.ആർ.പി. ഭാസ്കർ (കൺവീനർ), സി.ആർ. പരമേശ്വരൻ, കെ.എം. റോയ്, ഹമീദ് ചേന്ദമംഗലൂർ, എം.എൻ. കാരശ്ശേരി, കെ. അരവിന്ദാക്ഷൻ, കവിത ബാലകൃഷ്ണൻ, കെ.ജി. ജഗദീശൻ (ജോ. കൺവീനർ), പി.എം. മാനുവൽ, സാറാജോസഫ്, എം.ജി.എസ്. നാരായണൻ, ഡോ. ജെ. ദേവിക, വി.സി. ശ്രീജൻ, കെ.ആർ. മീര (ജോ. കൺവീനർ), ഡോ. വി.കെ. വിജയകുമാർ, പി. കേശവൻ നായർ, ഡോ. സെബാസ്റ്റ്യൻ ചിറ്റിലപ്പിള്ളി.

വിലാസം: www.fifth-estate.org


## ഡോക്യുമെന്ററി സിനിമകൾ

**ഒരായിരം ദിനങ്ങളും ഒരു സ്വപ്നവും** (1000 Days & A Dream) പ്ലാച്ചിമട സമരം പുതിയ ഡോക്യുമെന്ററി (ഇംഗ്ലീഷ്/മലയാളം, 40 മിനിറ്റ്)

**കയ്പുനീര്** (മലയാളം) Bitter Drink (English) പ്ലാച്ചിമട കൊക്കകോള സമരം/25 മിനിറ്റ്.

**കനവ്** : വയനാട്ടിലെ കനവ് ബദൽ വിദ്യാഭ്യാസ (ഗുരുകുല)ത്തെക്കുറിച്ച്/35 മിനിറ്റ്

**ബാക്കിപത്രം** : ചാലിയാർ/ മാവൂർ ഗ്രാസിം സമരത്തെക്കുറിച്ച്/35 മിനിറ്റ്. സംവിധാനം-സി. ശരത്ചന്ദ്രൻ, പി. ബാബുരാജ്, നിർമ്മാണം : തേഡ് ഐ കമ്യൂണിക്കേഷൻ.

**Stolen Water** (അപഹരിക്കപ്പെട്ട ജലം) 27 മിനിട്ട്, പ്ലാച്ചിമട സംവിധാനം : ദയ, പ്രശാന്ത്

**കരിമുകൾ**, 30 മിനിട്ട്, മലയാളം ഡോക്യുമെന്ററി സംവിധാനം : മണിലാൽ 24 മിനിട്ട്

**വെള്ളക്കള്ളൻ** (Water Thief) പ്ലാച്ചിമട ഫോട്ടോ പ്രസന്റേഷൻ മധുരാജ്-മാതൃഭൂമി 30 മിനിട്ട്.

**Source of Life for Sale** 60 mts., Direction : K.P. Sasi

**കോപ്പികൾക്കും പ്രദർശനത്തിനും**

കേരളീയം
കൊക്കാലെ, തൃശൂർ-21.
ഫോൺ : 9446576943, 04872421385